**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.284** **08-06-2015 ന് മറുപടിയ്ക്ക്**

**'ഊരിനുണർവ്' - കാടിനുണർവ്' പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>" പാലോട് രവി<br>" വി.ഡി.സതീശൻ<br>" തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ആദിവാസി ഊരുകളുടെ ഉന്നമനത്തിനായി വനം വകുപ്പ് 'ഊരിനുണർവ്' - കാടിനുണർവ്' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ വനം വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. കൃഷിരക്ഷാ പദ്ധതി - വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള 259 കോടി രൂപയുടെ സംസ്ഥാനതല പദ്ധതി.<br>2. 'ഊരിനുണർവ്' - കാടിനുണർവ്'- ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള വന സൗഹൃദ പദ്ധതി. 725 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.<br>3. 'ജലസമൃദ്ധി' - ജല ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി 20 കോടി രൂപ ചെലവിൽ 500 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.<br>4. ഇക്കോ കേഡറ്റ്സ് - പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശ വാഹകരായി വിദ്യാർത്ഥി സമൂഹത്തെ മാറ്റി എടുക്കുന്നതിന്റെ ഭാഗമായി ആയിരത്തോളം വിദ്യാർത്ഥികളെ ചേർത്ത് ഇക്കോ കേഡറ്റ്സ് എന്ന പേരിൽ ഒരു വിദ്യാർത്ഥി സേനയെ വാർത്തെടുക്കുന്ന |

പദ്ധതി. 25 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

5. കുരുവിക്കൊരു കൂട് - സംസ്ഥാന വ്യാപകമായി മാദ്ധ്യമ പ്രവർത്തകരുടെ സംഘടനകളും മറ്റു സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് അങ്ങാടി കുരുവികളുടെ സംരക്ഷണത്തിനായുള്ള പദ്ധതി. 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

6. പ്രകൃതി മിത്ര അവാർഡ് - ഒരോ പഞ്ചായത്തിലും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് പഞ്ചായത്തു തലത്തിൽ 2000 രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന പ്രകൃതി മിത്ര അവാർഡ് ഏർപ്പെടുത്തുന്ന പദ്ധതി.

7. Budding birders (തുടക്കക്കാരായ പക്ഷി നീരിക്ഷകർ) - വിദ്യാർത്ഥികളിൽ പക്ഷി നിരീക്ഷണത്തിനും, ചിത്രശലഭ നിരീക്ഷണത്തിനും കൗതുകം വളർത്തുന്നതിനായുള്ള 15 ലക്ഷം രൂപയുടെ പദ്ധതി.

8. രക്ഷക്കായി ഒരു വൃക്ഷം - പൊതുജനങ്ങൾക്കായി ഏകദേശം 75 ലക്ഷത്തോളം വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2014-15 വർഷം നടപ്പാക്കി.

9. തൃശ്ശൂർ മൃഗശാലയുടെ ആദ്യഘട്ട ഉദ്ഘാടനം - അന്താരാഷ്ട്ര നിലവാരത്തിലുള്ള തൃശ്ശൂർ മൃഗശാലയുടെ ഉദ്ഘാടനം 2016-ൽ നടത്താനുള്ള പദ്ധതി.

10. അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂൾ നവീന സൗകര്യങ്ങളും കൂടുതൽ സംവിധാനങ്ങളും ഏർപ്പെടുത്തി ഫോറസ്റ്റ് അക്കാഡമി ആക്കുന്ന പദ്ധതി.

| | |
|---|---|
| (സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) മേൽ പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനു വേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം 28-05-2014 ലും ഡിവിഷൻതല |

ഉദ്യോഗസ്ഥരുടെ ഒരു യോഗം 07-06-2014-ലും വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായുണ്ടായി. ഈ യോഗങ്ങളുടെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ഡി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു. മറ്റ് പദ്ധതികളിൽ കൃഷിരക്ഷാ പദ്ധതി, ഇക്കോകേഡറ്റ്സ്, കുരുവിക്കൊരു കൂട്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചു. രക്ഷക്കൊരു വൃക്ഷം പദ്ധതി 2014-15-ൽ നടപ്പാക്കി. "ഊരിനുണർവ് കാടിനുണർവ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു. ഫീൽഡുതലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

Ajith

സെക്ഷൻ ഓഫീസർ